
# ഒരു കുഞ്ഞുപട്ടത്തിന് പറയാനുള്ളത്....



GHSS ATHAVANAD

ആതവനാട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ കണ്ടിരുന്നു. കുട്ടികളിലെസർഗാത്മകമായകഴിവുകൾ ഉപയോഗ പ്പെടുത്താൻ ഈയൊരു സംരംഭത്തിന് സാധിച്ചിട്ടുണ്ട് എന്നുള്ളത് വളരെ സന്തോഷം നൽകുന്ന കാര്യമാണ്. കൂടാതെ കുട്ടികളുടെ സാങ്കേതിക കഴിവുകൾ കൂടി ഉപയോഗപ്പെടുത്താൻ ഡിജിറ്റൽ മാഗസിന് സാധിക്കുന്നുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും കുട്ടികൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹത്തോടെ......
പ്രീതാകുമാരി പി
ഹെഡ്മിസ്ട്രസ്

# ആമുഖം

സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ .റ്റി ക്ലബ്, ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി എന്നിവയെ സംയോജിപ്പിച്ച കൂടുതൽ വിപുലമായ പ്രവർത്തന പദ്ധതികളോടെ ആരംഭിച്ച കുട്ടികളുടെ കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതന ആശയങ്ങൾ പരിചയപ്പെടുത്തുന്നതിനും പഠന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അധ്യാപകരോടൊപ്പം കുട്ടികളെ കൂടി ഉൾപ്പെടുത്തി, വിദ്യാലയങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിജ്ഞാനപ്രദവും വിനോദപ്രദവുമായി മാറിയിരിക്കുന്നു. GHSS ആതവനാടിലെ "ലിറ്റിൽ കൈറ്റ്സ്" കൂട്ടായ്മ മികച്ച ഒട്ടേറെ പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തിവരുന്നു. വിദ്യാർത്ഥികളിൽ സർഗാത്മകത വളർത്തുന്നതിനായി നടത്തുന്ന "ഡിജിറ്റൽ മാഗസിൻ" നിർമാണം ഈ കൂട്ടായ്മയുടെ മറ്റൊരു മികവാണ്. "ഒരു കുഞ്ഞു പട്ടത്തിന് പറയാനുള്ളതി"ലെ വലിയ കാര്യങ്ങൾ എല്ലാവർക്കും വ്യത്യസ്തമായ കുറേ ആശയങ്ങളും അറിവുകളും അനുഭവങ്ങളും പങ്കു വെക്കാൻ ഉതകുന്നതാകട്ടെ എന്ന് പ്രത്യാശിക്കുന്നു.

# ഉള്ളടക്കം


| No. | Title | Page Number |
|---|---|---|
| 1 | വിശപ്പ് | 1 |
| 2 | സ്റ്റാറ്റസ് | 2 |
| 3 | Smile | 3 |
| 4 | School | 4 |
| 5 | ഹരിതം | 5 |
| 6 | Hope | 8 |
| 7 | الألغاز | 12 |
| 8 | Reincarnation | 13 |
| 9 | മാപ്പ് ; ഒരു വെറും വാക്കല്ല. | 14 |

# വിശപ്പ്

മുറ്റത്ത് ഒരു യാചകന്റെ നിഴലനക്കം. ഒട്ടി ഉണങ്ങിയ വയറുമായി അയാൾ ഇത്തിരി ഭക്ഷണത്തിനായി കൈ നീട്ടി. അമ്മ അയാൾക്ക് കുറച്ച് കഞ്ഞി കൊടുത്തു.

അയാളത് ആസ്വദിച്ച് കുടിക്കുന്നത് ഞാൻ അത്ഭുതത്തോടെ നോക്കിനിന്നു.

ഒരു രുചിയും ഇല്ലാത്ത ഭക്ഷണം എന്നിട്ടും അയാൾക്ക് മാത്രം എങ്ങനെ.....!!

ഞാൻ പലവട്ടം ചിന്തിച്ചു ......

ഒടുവിൽ അമ്മയാണ് ആ രഹസ്യം പറഞ്ഞത് ...

അയാളത് വിശപ്പു കൂട്ടി ആണത്രേ കഴിച്ചത്.

രാകേഷ് K T

# സ്റ്റാറ്റസ്

അച്ഛനാ മാങ്ങകൾ താഴേക്കിട്ടു ....

ചേട്ടനാ  മാങ്ങകൾ പെറുക്കിയിട്ടു ...

ചേച്ചിയാ മാങ്ങകൾ നുറുക്കിയിട്ടു ...

അമ്മയാ മാങ്ങകൾ ഉപ്പിലിട്ടു ....

അപ്പോൾ നീയോ..?

ഞാനിതെല്ലാം സ്റ്റാറ്റസിട്ടു .....

**രാകേഷ് K T**



# Smile

Smile  simle
Smile is the best
Medicine in our life
Its a big part of our life

Worry less
Smile more
Always keep a smile
They you can win everything.




Anusree C

# School

School is the heaven in our life
We get education from school
All persons need education
Education makes the world beautiful
My school is in a small town
I like my school....
I like my classs.....
I like my teachers and friends most.

**Niyya Fathima**



# " ഹരിതം "

GHSS ആതവനാടിനെ , ഹരിതാഭമാക്കികൊണ്ട് ; " ഹരിതം " ദേശീയ ഹരിതസേനയുടെ പ്രവർത്തനങ്ങൾ .


വിദ്യാർത്ഥികളിൽ പ്രകൃതിയെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണ ബോധം വളർത്തുന്നതിന് വേണ്ടി ദേശീയ തലത്തിൽ നിലകൊള്ളുന്ന ഒരു കൂട്ടായ്മയാണ് ദേശീയ ഹരിതസേന. വെറും പാറപ്പുറമായിരുന്ന ആതവനാട് സ്കൂളിൻ്റെ പരിസരം ഹരിതാഭമാക്കാൻ സ്കൂളിലെ "ഹരിതം" പരിസ്ഥിതി ക്ലബ്ബിന് കഴിഞ്ഞിട്ടുണ്ട്. പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, കുട്ടികളിൽ കൃഷിയുടെ പ്രാധാന്യം , ജൈവ വൈവിധ്യ സംരക്ഷണം, പ്ലാസ്റ്റിക്കിന്റെ ദോഷങ്ങൾ, മാലിന്യ സംസ്കരണം എന്നിവയിൽ അവബോധം സൃഷ്ടിക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ ഹരിതസേന നടത്തിവരുന്നു. സാധാരണ പോലെ ജൂൺ 5 ന് പരിസ്ഥി ദിനാചരണം വളരെ വിപുലമായി സംഘടിപ്പിച്ച് കൊണ്ടാണ് 2023 – 24 അധ്യയനവർഷത്തെ ക്ലബ്ബ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ശ്രീ. ലത്തീഫ് കുറ്റിപ്പുറമാണ് ഉദ്ഘാടനം നിർവഹിച്ചത്. പ്രകൃതി സംരക്ഷണവും പ്രകൃതിവിഭവങ്ങളുമായി ബന്ധപ്പെട്ടുളള ദിനാചരണങ്ങളുടെ ഭാഗമായി കുട്ടികൾക്കായി പോസ്റ്റർ രചന, ഉപന്യാസം, കാർട്ടൂൺ , കൊളാഷ് തുടങ്ങിയ മത്സരങ്ങളും സംഘടിപ്പിച്ചു. കുട്ടികളിൽ കൃഷിയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനായി പച്ചക്കറിത്തോട്ടം സ്കൂളിൽ ഉണ്ടെങ്കിലും ജല ലഭ്യത വലിയ പ്രശ്നമാണ്. ചെറിയ രീതിയിൽ വാഴ കൃഷിയും ഒരു ജൈവ വൈവിധ്യ പാർക്കും സ്കൂളിലുണ്ട്. വളരെ വ്യത്യസ്തമായ ഒരു കാര്യം, സ്കൂളിലെ മേൽക്കൂരയിൽ ഹൗസ് സ്വിഫ്റ്റ് എന്ന ഇനത്തിൽപ്പെട്ട കിളികളെ സംരക്ഷിക്കുന്നതാണ്. തുവലുകൾ ഉമിനീര് ചേർത്ത് ഒട്ടിച്ച് ചുമരിൽ പറ്റിപ്പിടിപ്പിച്ച രീതിയിൽ ഇവ നിർമിക്കുന്ന കൂടുകളിൽ നിന്നും മുട്ടയും കുഞ്ഞുങ്ങളും താഴെ വീണ് നശിക്കുന്നത് പതിവായിരുന്നു. അതൊഴിവാക്കാൻ ഹരിത സേനയുടെ നേതൃത്വത്തിൽ കൂടിന് താഴെ മെറ്റൽ ഷീറ്റ് അടിച്ച് കൊണ്ട് ഇവയുടെ കൂട് സംരക്ഷിക്കുകയും അതിൻ്റെ ഫലമായി ഇവയുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുണ്ട്. കിളികൾക്ക് ഒരു നീർകുടം, തൊട്ടടുത്ത പ്രദേശങ്ങളിലെ ജൈവ വൈവിധ്യ മേഖലകളുടെ സന്ദർശനം, പ്രകൃതി പഠന ക്യാമ്പുകളിൽ പങ്കെടുക്കൽ എന്നിവയും ദേശീയ ഹരിത സേനയുടെ നേതൃത്വത്തിൽ നടന്നു വരുന്നു.


**സി.വിശ്വനാഥൻ**
(അധ്യാപകൻ, ഹരിതസേന സ്കൂൾ കോഓർഡിനേറ്റർ)

# NGC Club GHSS
## ATHAVANAD , MATTUMMAL



# ചില ചിത്രം വരകൾ


Sanha Fathima K












# Hope

If you hope to get mountain
Then you will get a hill
If you didn't hope anything
You can earn nothing ...
If you are lazy
Nothing will be easy...
If you are crazy
Everything will be easy...
Hope ! Hope hope
Hope drives you
To your goal.

*Diya*



## ക്രിയാത്മക കൗമാരം – കരുത്തും കരുതലും

### പ്രവർത്തന റിപ്പോർട്ട്

"കൗമാരം കരുത്തും കരുതലും " എന്ന പദ്ധതിയുടെ ഭാഗമായി സ്കൂളിൽ TEENS ക്ലബ്ബ് രൂപീകരിക്കുകയും വിദ്യാർത്ഥികൾക്കായി വിവിധ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്ത് വരുന്നു. 2023–24 വർഷം 8 മുതൽ 10 വരെ ക്ലാസുകളിൽ ഉള്ള എല്ലാ കുട്ടികളും TEENS ക്ലബ്ബിൽ അംഗങ്ങളാണ്. ഓരോ ക്ലാസ്സിൽ നിന്നും നിന്നും പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിൻ്റ് സെക്രട്ടറി , ട്രഷറർ, 4 എക്സിക്യൂട്ടിവ് അംഗങ്ങൾ ഉൾപ്പെടെ 9 കുട്ടികൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും അതിൽ നിന്നും സ്കൂൾ കമ്മിറ്റി രൂപീകരിക്കയും ചെയ്തു. വാർഡ് മെമ്പർ ഫൗസിയ , PTA പ്രസിഡണ്ട് ഉസ്മാൻ പൂളക്കോട്ട്, SMC ചെയർമാൻ യാഹു കോലിശ്ശേരി, ഹെഡ്മിസ്ട്രസ് പ്രീതാകുമാരി , സ്റ്റാഫ് സെക്രട്ടറി ബിന്ദു P S , TEENS ക്ലബ്ബ് കോ–ഓർഡിനേറ്റർ വിശ്വനാഥൻ സി എന്നിവരും സ്കൂൾ സമിതിയിൽ അംഗങ്ങളാണ്.

**പ്രധാന പ്രവർത്തനങ്ങൾ:**

1. "മക്കളോടൊപ്പം " എന്ന പേരിൽ രക്ഷിതാക്കൾക്കുള്ള ബോധവത്കരണ ക്ലാസ്സ് ജനുവരി 5 ന് എടുക്കുകയുണ്ടായി. പ്രശസ്ത ഡോക്ടറും മനശാസ്ത്രജ്ഞയുമായ Dr. ഫർഹയാണ് ക്ലാസ്സ് നയിച്ചത്. കുട്ടികളെ രൂപപ്പെടുത്തി എടുക്കുന്നതിൽ രക്ഷിതാക്കളുടെ

പങ്ക് വിശദമായി അവതരിപ്പിച്ച ക്ലാസ്സിൽ HS, HSS വിഭാഗങ്ങളിലെ രക്ഷിതാക്കൾ പങ്കെടുത്തു.






GHSS ATHAVANAD MATTUMMAL
2023-2024
X-A


GHSS ATHAVANAD MATTUMMAL
2023-2024
X-B


GHSS ATHAVANAD MATTUMMAL
2023-2024
X-C


GHSS ATHAVANAD MATTUMMAL
2023-2024
X-D



# الألغاز

ما هو الشيء الذي يسمع بلا أذن ويتكلم بلا لسان؟
ما هو الشيئ الذي يقتل أبويه؟
ما هو الشيئ الذي إذا قمنا بالضغط عليه يصيح؟
ماهي الكلمة التي إذا عرفتها تتحوّل من معرفة إلى نكرة وإذا نكرتها صارت معرفة؟
الشيئ الذي يجلس مكان الرجال ويلبس مثل النساء؟

## الأجوبة

التلفون
شجرة الموز
الجرس
الصقر
أمس

الدكتور عبد الجبار

Abdul Jabbar Kolody

# Reincarnation

On that magical day,
I was counting my memories.
Going back to the past is bitter.
With a fluttering heart
I began to fly back,
Weightless, ethereal.
And it was a warm welcome....
Immersed in the depths,
To pick an armful of pebbles,
You know, I am rich...
With a treasure of sweet memories.
Wait for me to come back....

P S Bindu

## മാപ്പ് ; ഒരു വെറും വാക്കല്ല.

സതീശൻ മാഷ് ഇന്ന് വീണ്ടും  മാപ്പ് പറഞ്ഞു......

രണ്ട് ദിവസം മുമ്പാണ് ആദ്യത്തെ സംഭവം നടന്നത്. പത്താം ക്ലാസ്സിൽ ഏഴാമത്തെ പിരിയഡ് ;
ഹോർമോണുകൾ ലക്ഷ്യ കോശങ്ങളിലെത്തി, ഗ്രാഹികളുമായി സംഗമിക്കുന്ന അസുലഭ നിമിഷത്തിന്റെ നിർവൃതിയിലായിരുന്ന  മാഷ്...
പെട്ടെന്ന് പെൺകുട്ടികളുടെ ഭാഗത്ത് നിന്നും എന്തോ വീണുടയുന്ന ശബ്ദം ...!

ഒന്ന് പകച്ച മാഷ്, ചുവരിൽ തൂക്കിയിരുന്ന ക്ലോക്കിലേക്ക് നോക്കി..
അതവിടെ തന്നെയുണ്ട് ..
പിന്നെ...?

മൂന്നാമത്തെ ബെഞ്ചിലെ കുട്ടികൾ  ഒന്നിളകി മറിഞ്ഞപ്പോഴാണ് കാര്യം മനസ്സിലായത് ...
നിലത്ത് വീണ് പൊട്ടിച്ചിതറിയ കണ്ണാടിയും  ചമയപ്പെട്ടിയും ...!

ക്ലാസ്സിലും, സ്ക്കൂളിന്റെ പല കോണുകളിലും, ഇടയ്ക്കിടെ ടോയ്ലറ്റിലും ...., അണിഞ്ഞൊരുങ്ങി രസിക്കുന്ന വിദ്യാർത്ഥിനികളെ ...... ശകാരിച്ച്, നന്മകൾ നിറഞ്ഞ ചില പാഠങ്ങൾ നൽകി, ക്ലീനിംഗിന്റെ ചുമതലയും ഏറ്റെടുത്ത് ,
ലക്ഷ്യകോശം കണ്ട ഹോർമോണിനെപ്പോലെ മാഷ്  സമാധാനമടഞ്ഞു.....

................
പ്രശ്നം അവിടെ അവസാനിച്ചില്ല.....
കുട്ടികളുടെ സൗന്ദര്യ ബോധത്തെ പരസ്യമായി തകർത്ത മാഷിനെതിരെ കുട്ടിയുടെ രക്ഷിതാവ് പരാതിയുമായെത്തി. കൂടെ,
സഹപ്രവർത്തകരിൽ ചിലരുടെ ഓർമപ്പെടുത്തലുകളും.....

"മാഷ് ഈ ലോകത്തൊന്നുമല്ലേ...എന്തിനാ ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഇടപെടാൻ പോകുന്നത്?"

" ങ്ങളെ പണി എന്താ പഠിപ്പിയ്ക്കുക. അതിലപ്പുറം ഒന്നിലും ഇടപെടണ്ട. "

" ന്റെ മാഷേ ... കുട്ടികൾ; പലതും ചെയ്യും; ങ്ങളെ പണ്ടത്തെ കാലമല്ല ഇത്. വല്ലാതെ ഇടപെട്ടാൽ ങ്ങളെ തടി കേടാകും അല്ലാതെ..."

" അല്ല മാഷെ .. ങ്ങൾക്കെന്തിന്റെ കേടാ... കുട്ടികൾക്കിടയിൽ ഒരു സ്കൂളിൽ വെച്ച് കാണാൻ പറ്റാത്ത എന്തെല്ലാം അനാവശ്യ കാര്യങ്ങൾ നടക്കുന്നു. അത് ഉപദേശിക്കാൻ ചെന്നാൽ കുടുങ്ങുന്നത് അധ്യാപകരാ..., ഒട്ടുമിക്ക രക്ഷിതാക്കളും കുട്ടികൾക്ക് സപ്പോർട്ടാ..... മിണ്ടാണ്ടിരുന്നാൽ കഞ്ഞീം കുടിച്ച് മര്യാദയ്ക്ക് പോവാ..."

ഒരു കാര്യം സതീശൻ മാഷ്ക്ക് മനസ്സിലായി. തന്റെ പരിചയങ്ങൾക്കപ്പുറം കുറേ മാറ്റങ്ങൾ

സംഭവിച്ചിരിക്കുന്നു. പുതിയ തലമുറ ഒരുപാട് മുന്നോട്ട് പോയിരിക്കുന്നു.. അവർ ജീവിക്കാൻ പഠിച്ചിരിക്കുന്നു ....

ചില ഉപദേശ നിർദേശങ്ങൾ കർണപടത്തിൽ ശക്തമായ കമ്പനങ്ങൾ ഉണ്ടാക്കി.
" പൊറുക്കുക , മാപ്പാക്കുക " എന്നീ വാക്കുകളുടെ പ്രാധാന്യവും ബോധ്യപ്പെട്ടു. പിന്നെ മാഷ് മറ്റൊന്നും നോക്കിയില്ല....
സ്വരക്ഷക്കായി,
ആദ്യം രക്ഷിതാവിനോട് , അത് പോരാ എന്നായപ്പോൾ;
പിന്നെ കുട്ടിയോടും മാപ്പു പറഞ്ഞു.
............
രണ്ട് ദിവസം കഴിഞ്ഞില്ല... എത്രയോ കാലത്തെ അധ്യാപക വൃത്തിയിൽ പുതിയതായി താൻ പഠിച്ച പാഠവുമായി ക്ലാസ്സിലേക്ക് പോകാൻ നിന്ന മാഷോട് പ്യൂണാണ് അറിയിച്ചത്.
" മാഷെ, ഹെഡ്മാഷ് വിളിയ്ക്കുന്നു. "

നേരെ ഹെഡ്മാഷ്ടെ അടുത്തേക്ക്.

ഹെഡ് മാഷ്ടെ മുന്നിൽ
കസേരയിൽ ഇരുന്നിരുന്ന ആൾ മാഷെ കണ്ടപ്പോൾ ദേഷ്യത്തോടെ ചാടിയെഴുന്നേറ്റു...
"നിങ്ങളൊക്കെ ഒരു 'അധ്യാപകനാണോ?"

സതീശൻ മാഷ് കാര്യം മനസ്സിലാകാതെ മിഴിച്ച് നിന്നു.
" കഴിഞ്ഞ ദിവസം നിങ്ങൾ ക്ലാസ്സ് എടുക്കുമ്പോഴല്ലേ... ക്ലാസ്സിൽ കണ്ണാടി വീണ് പൊട്ടിയത് ? "
"അതെ "
"കുട്ടികൾക്കെന്തെങ്കിലും സംഭവിച്ചോന്ന് നിങ്ങൾ ശ്രദ്ധിച്ചിരുന്നോ?"

രക്ഷിതാവ് വടിയുമായി ഉറഞ്ഞ് തുള്ളുന്ന (പഴയ) അധ്യാപകനായി മാറിയപ്പോൾ ...
മാഷ് , ഒരു വലിയ തെറ്റിനുടമയായ കുട്ടിയെ പോലെ നിന്ന് പരുങ്ങി...
" കുട്ടികളാരും ......"

മാഷെ പൂർത്തിയാക്കാൻ അയാൾ അനുവദിച്ചില്ല...
"എന്റെ കുട്ടി കാലിൽ കുത്തിക്കയറിയ കുപ്പിച്ചില്ലുമായിട്ടാണ് വീട്ടിൽ വന്നത്. സ്ക്കൂളിൽ നിന്ന് സംഭവിച്ചതാ... മാഷാണെന്നും പറഞ്ഞ് ഓരോന്ന് വരും"
"മാപ്പെ "ന്ന വാക്കിന്റെ മൂല്യം വ്യക്തമായറിഞ്ഞ മാഷ്, അയാളുടെ മുന്നിൽ തൊഴുത് കൊണ്ട് നിന്ന് കെഞ്ചി.
" മാപ്പ് . ഇനി ഞാൻ ശ്രദ്ധിയ്ക്കാം... പൊറുക്കണം..... ഒറ്റ പ്രാവശ്യത്തേക്ക്....."
അയാൾ ഒന്ന് തണുത്തു.
മാപ്പെന്ന വാക്കിന് തണുപ്പിത്തിരി കൂടുതലാണ്...
അയാൾ ഒന്ന് കൂടി ഓർമിപ്പിച്ചു...

" ശരിയ്ക്ക് നിങ്ങൾക്കെതിരെ എനിയ്ക്ക് പരാതി കൊടുക്കാം... പിന്നെ..."

ഹെഡ് മാസ്റ്ററോട് കൂടുതൽ നിർദേശങ്ങളും നൽകി ഒരു ജേതാവിനെ പോലെ ആ രക്ഷിതാവ് ഇറങ്ങി പോയപ്പോൾ ....
ചില പ്രത്യേക ഭാവങ്ങളിൽ " മാപ്പ് " എന്ന് ഉറക്കെ വിളിച്ച് പറഞ്ഞു കൊണ്ട് സതീശൻ മാഷ് വരാന്തയിലൂടെ....... സ്റ്റെപ്പുകളിറങ്ങി ഗ്രൗണ്ടിലൂടെ.... ഗെയ്റ്റ് കടന്ന് ........

സി.വിശ്വനാഥൻ
(HST നാച്വറൽ സയൻസ്)


Thank you!